## പതിമൂന്നാം കേരള നിയമസഭ
## 12-ാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4399** | **17.12.2014-ൽ മറുപടിയ്ക്ക്**

### സർവ്വീസ് ആനുകൂല്യങ്ങളോടെ എം.ഫാം ചെയ്യുന്നതിനുള്ള നടപടികൾ

| ചോദ്യം<br>ശ്രീ.എം.ചന്ദ്രൻ | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ | ആരോഗ്യവകുപ്പിൽ ഫാർമസിസ്റ്റായി ജോലി ചെയ്യുന്നവർക്ക് എം.ഫാം ചെയ്യുന്നതിന് ഡിപ്പാർട്ട്മെന്റ് ക്വാട്ട നിലവിലുണ്ടോ ; | എ | ഉണ്ട്. |
| ബി | ഉണ്ടെങ്കിൽ ഓരോ വർഷവും എത്രപേർക്കാണ് ഇതിന് അവസര മുള്ളത് ; | ബി | ഫാർമസിസ്റ്റായി ഡിപ്പാർട്ട്മെന്റിൽ ജോലി ചെയ്യുന്ന അർഹതയുള്ള ഒരാൾക്ക് വീതം ഓരോവർഷവും അഡ്മിഷൻ ലഭിക്കും |
| സി | ഇത്തരത്തിൽ എം.ഫാം കഴിഞ്ഞവർ നിലവിൽ എത്ര പേരാണുള്ളത് ; | സി | നിലവിൽ 2 പേർ ഡിപ്പാർട്ട്മെന്റ് ക്വാട്ടയിൽ എം.ഫാം കോഴ്സ് പൂർത്തീകരിച്ചിട്ടുണ്ട്. |
| ഡി | ഡിപ്പാർട്ട്മെന്റ് ക്വാട്ടയിൽ പഠിക്കുവാൻ പോകുന്നവർക്ക് വകുപ്പിൽ നിന്നും എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നത് ; | ഡി | പഠനാവശ്യത്തിനുള്ള ശൂന്യവേതനാവധി നൽകാറുണ്ട്. |
| ഇ | പഠനകാലം സർവ്വീസ് ആയിട്ടാണോ പരിഗണിക്കുന്നത്; ഇല്ലെങ്കിൽ എന്തു കൊണ്ട് ; | ഇ | പഠനകാലം സർവ്വീസ് ആയിട്ടല്ല പരിഗണിക്കുന്നത്. 23.06.2010-ലെ ജി.ഒ(ആർ.ടി) നമ്പർ 2469/2010/എച്ച്& എഫ് ഡബ്ല്യു.ഡി പ്രകാരം ആരോഗ്യ വകുപ്പിലേയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേയും നഴ്സ്/പാരാമെഡിക്കൽ ജീവനക്കാർ എന്നിവർക്കുള്ള ഡെപ്യൂട്ടേഷൻ ആനുകൂല്യങ്ങൾ നിർത്തലാക്കിയിട്ടുള്ളതാണ്. ഉന്നത പഠനത്തിന് പോകുവാൻ ആഗ്രഹിക്കുന്നവർക്ക് ചട്ടപ്രകാരം അർഹതയുള്ള ലീവ്/ശൂന്യവേതനാവധി എടുക്കാവുന്നതാണെന്ന് പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| എഫ് | സർവ്വീസ് ആനുകൂല്യങ്ങളോടെ എം.ഫാം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | എഫ് | ഈ വിഷയം സംബന്ധിച്ച് നിലവിൽ പ്രൊപ്പോസലുകൾ ഒന്നും തന്നെ നിലവിലില്ല. നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ